**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവരുടെ വിവര ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ വി ജോയി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവര ശേഖരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | 2017 നവംബർ 29, 30 തീയതികളിലായി കേരളത്തിന്റെ തീരപ്രദേശത്തെ ഒന്നടങ്കം പിടിച്ചുലച്ച ഓഖി ചുഴലിക്കാറ്റിൽ 142 മത്സ്യത്തൊഴിലാളികളെ നഷ്ടപ്പെടുകയും ധാരാളം പേർക്ക് ജീവിത സാഹചര്യങ്ങൾ നഷ്ടമാകുകയും ചെയ്തു. ഇതിന്റെ പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനു പോകുന്നതും മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വളരെ വേഗം മനസ്സിലാക്കുന്നതിനായി ഒരു സംവിധാനം രൂപപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നാഷണൽ ഇൻഫർമാറ്റിക് സെന്റർ(NIC) മായി ചേർന്ന് 'സാഗര' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഈ മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് മൊബൈൽ ഫോണുകളിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും, ഈ ആപ്ലിക്കേഷന്റെ ഉപയോഗം മത്സ്യത്തൊഴിലാളികളെ പഠിപ്പിക്കുന്നതിനും, കടലിൽ മത്സ്യബന്ധനത്തിനു പോകുന്നതും മത്സ്യബന്ധനത്തിനു ശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ സാഗരയിൽ രേഖപ്പെടുത്തുന്നതിനുമായി 9 മറൈൻ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട 50 ഫിഷ് ലാന്റിംഗ് സെന്റർ/ഫിഷിംഗ് ഹാർബറുകളിൽ 50 "സാഗര ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകി താൽക്കാലികമായി നിയോഗിയ്ക്കുകയും ചെയ്തു. ഇവരെ ആദ്യം 8 മാസത്തേയ്ക്കാണ് നിയോഗിച്ചത്. അതിനു ശേഷം അവരുടെ പ്രവർത്തന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. കടലിൽ |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധനത്തിനു പോകുന്നതും മത്സ്യബന്ധനത്തിനു ശേഷം തിരികെ യെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ അറിയാനും, കടലിൽ തീരത്തോട് ചേർന്ന പ്രദേശങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കുവാനും ഈ മൊബൈൽ ആപ്ലിക്കേഷൻകൊണ്ട് സാധിയ്ക്കുന്നു. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുമുള്ള മുഴുവൻ വിവരങ്ങളും 'സാഗര' യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾ കടലിലേക്ക് ദിനംപ്രതി പോകുമ്പോഴും തിരികെ എത്തുമ്പോഴും കൃത്യമായ വിവരങ്ങൾ 'സാഗര മൊബൈൽ' ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നില്ല എന്നതിനാൽ പദ്ധതിയിൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | ഹാർബറുകളിൽ മത്സ്യബന്ധന യാനങ്ങളുടെ കടലിലേക്കുള്ള പോക്കും വരവും രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കടൽ സുരക്ഷാ, രക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിത മായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച് 'ബ്ലൂടൂത്ത് ലോ എനർജി (BLE) സംവിധാനവും ജി.പി.എസ് ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു ടെലിമാറ്റിക്സ് ഗേറ്റ് വേ അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും ആയതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളി കളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനും പരീക്ഷണാടിസ്ഥാന ത്തിലുള്ള പഠനങ്ങൾ ഫിഷറീസ് വകുപ്പ് നടത്തി വരുന്നു.<br><br>പ്രസ്തുത സംവിധാനം കൊണ്ടുവരുന്നതിലൂടെ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നതും വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും റിയൽ ടൈം മോണിറ്ററിംഗ് സംബന്ധിച്ച ഒരു കൃത്യമായ ഡാറ്റാബേസ് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 'ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയും', 'കെൽട്രോണും' പ്രൊപോസലുകൾ സമർപ്പിക്കുകയും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കേന്ദ്രീകരിച്ച് പരീക്ഷിക്കുകയുമുണ്ടായി.<br><br>പ്രസ്തുത സംവിധാന പ്രകാരം ഹാർബറിലെ മോണിറ്ററിംഗ് സെന്ററുമായി ബന്ധിപ്പിക്കുന്ന ഒരു |

| | | | |
|---|---|---|---|
| | | | സെൻസിംഗ് ഉപകരണം മത്സ്യബന്ധനയാനത്തിൽ ഘടിപ്പിക്കുകയും കൂടാതെ പ്രസ്തുത സെൻസിംഗ് ഉപകരണവുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു 'ബ്ലൂട്ടൂത്ത് ലോ എനർജി (BLE) റിസ്റ്റ് ബാൻഡ്' യാനത്തിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ ധരിക്കാൻ നൽകുകയും ചെയ്യുന്നു. മത്സ്യബന്ധനയാനം ഹാർബറിൽ നിന്നും പുറപ്പെടുകയും സെൻസിംഗ് ഉപകരണത്തിൽ അടയാള പ്പെടുത്തിയിരിക്കുന്ന നിശ്ചിത രേഖാംശം (ജിയോഫെൻസിംഗ് സംവിധാനം) കടക്കുകയും ചെയ്യുമ്പോൾ ഈ സെൻസിംഗ് ഉപകരണം ഹാർബറിലെ സെന്ററിലേക്ക് തിരികെ ആശയവിനിമയം നടത്തുകയും അതിനോടൊപ്പം തന്നെ മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ ധരിച്ചിട്ടുള്ള ബി.എൽ.ഇ ഉപകരണങ്ങളിലെ വിവരങ്ങൾ മോണിറ്ററിംഗ് സെന്ററിലേക്ക് അയക്കുകയും ചെയ്യുന്നു. ഇപ്രകാരം ഏതെല്ലാം മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽ നിന്നും കടലിലേക്ക് പോയിട്ടുണ്ടെന്നും അതിൽ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു. എന്നുമുള്ള വിവരങ്ങൾ ഹാർബറിലെ മോണിറ്ററിംഗ് സെന്ററിൽ റെക്കോർഡ് ചെയ്യപ്പെടുന്നു.<br><br>ഇതേ സംവിധാനത്തിലൂടെ തന്നെ കടലിൽ നിന്ന് ഹാർബറിലേക്ക് തിരികെ എത്തുന്ന യാനങ്ങളുടെയും അതിലുള്ള മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ശേഖരിക്കാൻ കഴിയുമെന്ന് പരീക്ഷണത്തിൽ നിന്നും മനസിലാക്കുന്നു. ഈ സംവിധാനത്തിലൂടെ ഓരോ മത്സ്യബന്ധന യാനങ്ങളുടെയും യാത്രയുടെയും തുടർച്ചയായ ഡാറ്റ റെക്കോർഡ് ചെയ്ത് ഹാർബറിലെ ഡേറ്റ സെന്ററിലേക്ക് അപ്ഡേറ്റ് ചെയ്യാനും കഴിയുമെന്നാണ് മനസിലാക്കുവാൻ സാധിക്കുന്നത്. കടലിനുള്ളിൽ 20 കിലോമീറ്ററാണ് ഇതിന് ദൂരപരിധിയുള്ളത്. സംവിധാനത്തിന്റെ പ്രായോഗികത സംബന്ധിച്ച് കൂടുതൽ പഠനം നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുമ്പോൾ അവർക്ക് തിരിച്ചറിയൽ കാർഡ്, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉണ്ടോ എന്ന കാര്യം ഉറപ്പുവരുത്താറുണ്ടോ; | (സി) | രാജ്യസുരക്ഷ മുൻനിർത്തി ഇന്ത്യൻ കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും ഉൾപ്പെടുന്ന ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി മീറ്റിങ്ങിന്റെ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യബന്ധന യാനങ്ങളിലെ എല്ലാ മത്സ്യത്തൊഴിലാളികളും തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടത് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശിച്ചിരുന്നു. അതനുസരിച്ചും തീരസുരക്ഷയുടെ ഭാഗമായും, മനുഷ്യക്കടത്ത് പോലുള്ള അനധികൃത പ്രവണതകൾ നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ |

സുരക്ഷ ഉറപ്പാക്കുന്നതിനും, കടൽ മാർഗ്ഗം രാജ്യ വിരുദ്ധ ശക്തികൾ നുഴഞ്ഞു കയറുന്നത് തടയുന്നതിനും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖ കൈവശം കൊണ്ടു പോകുന്നത് നിർബന്ധമാക്കി, 14/11/2021 ലെ 25891/LegI1/2019/Law നമ്പർ വിജ്ഞാപനം പ്രകാരം കേരള സമുദ്ര മത്സ്യ ബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്ത് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം 'ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, ആധാർ കൈവശമില്ലാത്തതായ യാതൊരാളെയും മത്സ്യബന്ധന നൗകയിൽ അനുവദിക്കാൻ പാടില്ലാത്തതാകുന്നു' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പാലിക്കാത്ത വർക്ക് 1,000/- രൂപ വരെ പിഴശിക്ഷ ചുമത്തുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് കൈവശം വയ്ക്കുന്നുണ്ടെന്ന് ബോട്ടുടമകൾ ഉറപ്പാക്കേണ്ടതുമാണ്. ആയത് മത്സ്യബന്ധനത്തിന് പോകുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്കും ബാധകമാണ്. കൂടാതെ മത്സ്യത്തൊഴിലാളി കൾക്കായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) മുഖാന്തരം ക്യൂ.ആർ. എനേബിൾഡ് പിവിസി ആധാർ കാർഡ് ലഭ്യമാക്കുന്നതിന്റെ ഭാഗമായി യന്ത്രവൽകൃത ബോട്ടുകളിൽ ജോലി ചെയ്യുന്ന 2667 ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിച്ചിരുന്നു. ആയത് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) ലഭ്യമാക്കിയിട്ടുള്ള അപ്‌ലോഡ് യൂട്ടിലിറ്റി ടൂളിലേക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപ്‌ലോഡിങ് പൂർത്തിയാകുന്ന മുറയ്ക്ക് ടി ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) ൽ നിന്നും ലഭ്യമാക്കുന്ന ക്യൂ.ആർ എനേബിൾഡ് പിവിസി ആധാർ കാർഡ് ഫിഷറീസ് വകുപ്പിലെ നോഡൽ ഓഫീസർ മുഖാന്തരം ഇതര സംസ്ഥാനത്തൊഴിലാളികളുടെ അഡ്രസ്സിലേക്ക് ലഭ്യമാകുന്നതാണ്.

2018- ലെ കേരള മത്സ്യ ബന്ധന നിയന്ത്രണ ചട്ടങ്ങളിലെ ചട്ടം 3(2) (എച്ച്) പ്രകാരം 'ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധന യാനത്തിനു' നിയന്ത്രണം കൊണ്ടു വന്നിട്ടുണ്ട്. ആയത് മത്സ്യബന്ധന യാനത്തിൽ

| | | | |
|---|---|---|---|
| | | | തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കും ബാധകമാണ്. |
| (ഡി) | യന്ത്രവൽകൃത ബോട്ടുകളിൽ ജോലി ചെയ്യുന്ന ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുകൊണ്ട് തന്നെ യാനങ്ങളിൽ പണിയെടുക്കുന്ന ഭൂരിഭാഗം മത്സ്യത്തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നുണ്ട്. 2018- ലെ കേരള മത്സ്യ ബന്ധന നിയന്ത്രണ ചട്ടങ്ങളിലെ ചട്ടം 3(2) (എച്ച്) പ്രകാരം 'ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധനയാനത്തിനു' നിയന്ത്രണം കൊണ്ടു വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ